**Weekly Devotion - November 2018**

# Symbolic prophecy about 'linengirdle'

## (അരക്കച്ചയുടെ ഉപമ)




ന്യൂനമർദ്ദവും ചുഴലിക്കാറ്റും നേരിടുവാൻ കാലാവസ്ഥാ നിരീക്ഷണകേന്ദ്രം തരുന്ന മുന്നറിയിപ്പുകൾ (alert) അനുസരിക്കുവാൻ നാം ചുമതലപ്പെട്ടവരാണ്. Green alert ഒറ്റപ്പെട്ട മഴയെ സൂചിപ്പിക്കുമ്പോൾ yellow alert ഒറ്റപ്പെട്ട മഴ മൂലം കാലാവസ്ഥ പ്രതികൂലമാകും എന്ന മുന്നറിയിപ്പാണ് നൽകുന്നത്. Orange alert കനത്ത മഴ മൂലം പ്രതികൂല കാലാവസ്ഥ അടുക്കുന്നു എന്ന് കാട്ടുമ്പോൾ red alert വരുവാൻ പോകുന്ന കഠിനമായ കാലാവസ്ഥയെ കാട്ടുന്നു. അടിയന്തിര ഘട്ടത്തിൽ വേണ്ട നടപടി എടുക്കുവാനുള്ള മുന്നറിയിപ്പ് ലഭിക്കുമ്പോൾ അവരവർ തന്നെയാണ് രക്ഷയ്ക്കായുള്ള മുന്നൊരുക്കം ചെയ്യേണ്ടത്. അല്ലാത്ത പക്ഷം സകലതും നഷ്ടപ്പെട്ടവരായി ഒന്നിനും കൊള്ളാത്തവരായി തീരും.

ഇതുതന്നെയാണ് ഇന്നത്തെ ആത്മീയ ലോകത്തിന്റെ തകർച്ചയുടെ കാരണം. പഴയ പുതിയ നിയമങ്ങൾ ഈ നാല് Alert കൾ തന്നിട്ടും ഇടയൻമാർ ആടുകളെ ശ്രദ്ധിക്കാതെ തങ്ങളെതന്നെ ശ്രദ്ധിക്കുന്നവരാകുന്നു. യെഹ: 34:3,8-10) പ്രകൃതിയുടെ കോപത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും കാരണം യഹോവയുടെ കോപമാണോ? Read (യിരെ:5:24,25). ഇന്ന് അരക്കച്ചയുടെ ഉപമ (യിരെ:13:1-11) പഠിക്കുന്ന നമുക്ക് മറ്റുള്ളവരോട് red alert ൽ നിന്ന് green alert ലേക്ക് പോകുവാൻ എന്തു ചെയ്യുമെന്ന് പകർന്നുകൊടുക്കുവാൻ കഴിയണം. പച്ചയായ പുല്പുറങ്ങളിൽ കിടത്തുന്ന നല്ലയിടയനെ സ്വീകരിപ്പാൻ അനേകരെ ഒരുക്കി എടുക്കുവാൻ നമുക്ക് കഴിയട്ടെ.

യിരെ (13:10) ഒന്നിനും കൊള്ളാത്ത ഒരു കച്ചയോട് ഉപമിച്ചിരിക്കുന്നത് ദുഷ്ടജനത്തെയാണ്. ഇത് വിശദമാക്കുവാനാണ് ഒരു ചാണനൂൽ കച്ച വാങ്ങുവാൻ യഹോവ യിരെമ്യാ പ്രവാചകനോട് ആവശ്യപ്പെട്ടത്. ഒന്നാമതായി ഇത് വാങ്ങിയ കച്ചയാണ്, (2)കഴുകാത്തത് (3) അരയ്ക്ക് പറ്റിയിരിക്കുന്നത് പ്രവചന ശുശ്രൂഷയ്ക്കായി അയ്ക്കുമ്പോൾ യിരെമ്യാവിന് നൽകിയ നിർദ്ദേശം യിരെ 1:17 ൽ കാണുന്നു.

വിലകൊടുത്തു വാങ്ങിയ അരക്കച്ച അരയോട് ചേർന്ന് ഇരിക്കേണ്ടതാണ്. അരയോട് ചേർന്നിരുന്നാൽ ഉള്ള പ്രയോജനം എന്തെന്നും യിരെ (13:11) ൽ കാണാം. യിസ്രായേൽ, യഹൂദ ഈ ഗൃഹങ്ങളെ തിരഞ്ഞെടുത്ത് ചേർത്ത് നിർത്തിയത് കീർത്തി, അലങ്കാരം, പ്രശംസ ഇവ ആകേണ്ടതിനായിരുന്നു. അരക്കച്ച അരക്ക് കെട്ടുന്നത് ഒരു പ്രവൃത്തി ചെയ്യുന്നതിന്റെ തുടക്കമായിട്ടാണ് യേശു ശിക്ഷ്യന്മാരുടെ കാൽ കഴുകിയതിനു മുൻപ് തുവർത്ത് അരയ്ക്ക് കെട്ടി (യോഹ: 13:4,5) പൗരോഹിത്യ മഹത്വം വെളിപ്പെടുത്തുവാൻ അരക്കച്ച ഉപയോഗിച്ചിരുന്നു, (പുറ :28:40) ശ്രദ്ധിക്കുക.

ചിന്തനശേഷിയില്ലാത്ത മൂഢന്മാരും, കഠിനഹൃദയരുമായ ജനത്തെ അനുതാപത്തിലേക്ക് നയിക്കുവാനാണ് കച്ച വാങ്ങുവാൻ പറഞ്ഞത്. കച്ച വാങ്ങുവാൻ പറഞ്ഞ യഹോവ തന്നെ കഴുകാതെ അരയ്ക്ക് കെട്ടുവാനും നിർദ്ദേശിച്ചു. നിയമപ്രകാരം ശരീരവും വസ്ത്രവും കഴുകി സൂക്ഷിക്കുന്ന പുരോഹിതനോട് കഴുകരുത് എന്ന നിർദ്ദേശിച്ചതിന്റെ കാരണം യിരെ (13:10) ൽ കാണുന്നു. കഴുകാത്ത കച്ച ശുദ്ധിയില്ലാത്ത ജനത്തിന്റെ ചതിവും

വഞ്ചനയും കാണിക്കുന്നു. കഴുകാത്ത കച്ച ഫ്രാത്തിലെ കല്ലുകൾക്കിടയിൽ ഒളിച്ചു വയ്ക്കുവാനാവശ്യപ്പെട്ട യഹോവ ഏറിയ നാളുകൾക്ക് ശേഷം മാന്തി എടുക്കുവാനും അവസ്ഥ അറിയുവാനും നിർദ്ദേശിച്ചു. (യിരെ :13:4-7). തന്നെ അനുസരിക്കാത്ത ജനം ഒന്നിനും കൊള്ളാത്ത കച്ചപോലെ ആകുമെന്നവരെ മനസ്സിലാക്കുവാൻ പ്രവാചകനോട് യഹോവ നിർദ്ദേശിക്കുന്നു.

പ്രിയരേ! നിർദ്ദോഷവും നിഷ്ക്കളങ്കവുമായ രക്തം വില നൽകി നമ്മെ വീണ്ടെടുത്തവൻ ശരീരത്തോട് പറ്റിയിരിക്കുന്ന അരക്കച്ചയായി യജമാനന് കീർത്തിയും, പ്രശംസയും അലങ്കാരവുമായി നാം തീരുവാനാഗ്രഹിക്കുന്നു. എന്നാൽ ദുശ്ശാഠ്യം, നിഗളം, അന്യദേവന്മാരെ സേവിക്കൽ, ഈ പ്രവർത്തികൾ നമ്മിൽ നിന്നുണ്ടായാൽ ഒന്നിനും കൊള്ളാത്ത കച്ചപോലെ നാം ആയിത്തീരും.അപ്രകാരമാകാതെ ചെവിയ്ക്ക് പരിച്ഛേദനയുള്ളവരാക്കു. അവനോട് പറ്റിച്ചേർന്ന് നിലക്കുന്ന അരക്കച്ചയാകുവാൻ 2 തിമൊ : (4:2-5) വരെയുള്ള ഭാഗവും ശ്രദ്ധിക്കുക. അപ്രകാരം ചെയ്താൽ red alert -ൽ ആയിരിക്കുന്നവരെ പച്ചയായ പുല്പുറത്തിലേക്ക് നയിക്കുന്നവന്റെ അടുക്കലെത്തിക്കുവാൻ നമുക്ക് കഴിയും ദൈവം നിങ്ങളെ അതിനായി ബലപ്പെടുത്തട്ടെ.

Santhamma Varghese
*Website:* www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind